# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.407

### 28-02-2017 ൽ മറുപടിക്ക്

**'കിഫ്ബി' യിൽ നിർദ്ദേശിച്ച പ്രവൃത്തികൾ**

| ചോദ്യം<br>ശ്രീ.എ. എൻ. ഷംസീർ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) 'കിഫ്ബി' യിൽ നിർദ്ദേശിച്ച എത്ര പ്രോജക്ടുകളുടെ നിർവ്വഹണം ആരംഭിച്ചിട്ടുണ്ട്; ഇവ മൊത്തം നിർദ്ദേശിച്ച പ്രോജക്ടുകളുടെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ; | 07.11.2016 ൽ കൂടിയ കിഫ് ബോർഡിന്റെ 27 ാമത് ബോർഡ് യോഗം (പുന:സംഘടിപ്പിച്ചതിനു ശേഷമുള്ള ആദ്യ യോഗം) 2016-17 ലെ പുതുക്കിയ ബഡ്ജറ്റ് പ്രഖ്യാപനമനുസരിച്ച് ഭരണ വകുപ്പ് നിർദ്ദേശിച്ച 74 പദ്ധതികളിൽ നടപടിക്രമങ്ങൾ പൂർത്തീകരിച്ച 48 പദ്ധതികൾക്ക് അംഗീകാരം നൽകുകയും, 4004.86 കോടി രൂപയുടെ ധനസഹായം അനുവദിക്കുകയും ചെയ്തു. ഇത് നിർദ്ദേശിച്ച പദ്ധതികളുടെ 64% വരും. 27 ാമത് ബോർഡ് അംഗീകാരം നൽകിയ പ്രൊജക്ടുകളുടെ നിർവ്വഹണം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുകയാണ്. വകുപ്പ് തിരിച്ചുള്ള പുരോഗതി റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു. |
| (ബി) 'കിഫ്ബി' യിൽ നിർദ്ദേശിച്ച പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കാൻ ഏത് തരം സംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; | 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലെ രണ്ടാം മാന്ദ്യ വിരുദ്ധ പാക്കേജിൽ ഉൾപ്പെട്ടിട്ടുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികളാണ് കിഫ്ബിയിലൂടെ നടപ്പിലാക്കാൻ |

| | |
|---|---|
| | സർക്കാർ ഉദ്ദേശിക്കുന്നത്. പദ്ധതി നിർദ്ദേശം തയ്യാറാക്കുന്നതും, സമർപ്പിക്കുന്നതും, നിർവ്വഹിക്കുന്നതും സംബന്ധിച്ച മാനദണ്ഡങ്ങൾ താഴെപ്പറയുംവിധമാണ്.<br>1) വകുപ്പുകൾ അവരുടെ കീഴിൽ വരുന്ന പദ്ധതികൾ ഏതൊക്കെയെന്ന് തിരിച്ചറിയുക എന്നതാണ് ആദ്യ നടപടി. തുടർന്ന്, ബന്ധപ്പെട്ട വകുപ്പിൽ നിന്നുള്ള ഭരണാനുമതി അനിവാര്യമാണ്. 100 കോടി രൂപയ്ക്കു മുകളിൽ വരുന്ന പദ്ധതികൾക്കായിരിക്കും KIIFB മുഖേന ധനസഹായം നൽകുന്നത്. 10 കോടി രൂപയിൽക്കുറയാത്ത അടങ്കലുള്ള, സമാന സ്വഭാവമുള്ള പദ്ധതികൾ സംയോജിപ്പിച്ച് ആകെ 100 കോടിക്കു മുകളിൽ മതിപ്പു തുക വരുന്ന പദ്ധതികളാക്കിയും പരിഗണിക്കുന്നതാണ്.<br>2) പദ്ധതി നിർവ്വഹണത്തിനായി വകുപ്പുകൾ SPV (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ)യെ നിയമിക്കുക എന്നതാണ് അടുത്ത നടപടി. പ്രത്യേക ഉദ്ദേശ ലക്ഷ്യങ്ങൾക്കായി വിഭാവനം ചെയ്യുന്ന താൽക്കാലിക സംരംഭങ്ങളോ സംവിധാനങ്ങളോ ആണ് SPV എന്നതുകൊണ്ടുദ്ദേശിക്കുന്നത്. വകുപ്പുകൾക്ക് നിലവിലുള്ള സർക്കാർ അംഗീകൃത എസ്.പി.വികളെ ഉപയോഗിക്കുകയോ പദ്ധതിയുടെ ആവശ്യങ്ങൾക്ക് അനുയോജ്യമായ SPV യെ വിഭാവനം ചെയ്യുകയോ ചെയ്യാവുന്നതാണ്.<br>3) എസ്.പി.വികൾ പദ്ധതി നടത്തിപ്പിനായി ആവശ്യമെങ്കിൽ പുറമെനിന്നും വിദഗ്ധ ഉപദേഷ്ടാക്കളെ (Consultants) നിയമിക്കാവുന്നതാണ്. അതിനായി ഒരു |

| | |
|---|---|
| | Request for Proposal (RFP) തയ്യാറാക്കുക എന്നത് എസ്.പി.വികളുടെ ചുമതലയാണ്. ഇത് തയ്യാറാക്കുന്നതിന് എസ്.പി.വികൾക്ക് പരിമിതികൾ നേരിടുന്നപക്ഷം KIIFB തയ്യാറാക്കിയിട്ടുള്ള General RFP മാതൃക അവലംബിക്കാവുന്നതാണ്. ഇ-ടെന്ററിംഗ് വഴിയുള്ള Consultant നിയമനം ഉറപ്പുവരുത്തേണ്ടതുമാണ്. ഇങ്ങനെ നിയമിക്കുന്ന Consultants ന്റെ സഹായത്തോടെ ഫീസിബിലിറ്റി സ്റ്റഡി, പ്രിലിമിനറി പ്രോജക്ട് റിപ്പോർട്ട് (PPR), ഡീറ്റെയ്ൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR), ഫിനാൻഷ്യൽ പ്രൊപ്പോസൽ തുടങ്ങിയവ തയ്യാറാക്കുകയും KIIFB യിൽ സമർപ്പിക്കുകയുമാണ് അടുത്ത നടപടി.<br>4) ഇപ്രകാരം സ്വീകരിക്കുന്ന പദ്ധതികൾ KIIF ആക്ടിലേയും സ്കീമിലേയും വ്യവസ്ഥകൾക്ക് വിധേയമായി സൂക്ഷ്മപരിശോധന നടത്തി, ബഹു.മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള ബോർഡിന്റെ അംഗീകാരം ലഭിക്കുന്ന പക്ഷം KIIFB ധനസഹായം നൽകുന്നതും, SPV വഴി പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുകയും ചെയ്യുന്നു. |
| (സി) പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം 'കിഫ്ബി' യിൽ എത്ര പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | 2016-17 ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലെ പ്രത്യേക നിക്ഷേപ പദ്ധതിയിലും ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിലും ഉൾപ്പെട്ടിട്ടുള്ള പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് നാളിതുവരെ 109 ഓളം |

| | |
|---|---|
| | പദ്ധതി നിർദ്ദേശങ്ങൾ ഭരണ വകുപ്പ് കിഫ്ബിയുടെ വെബ് സൈറ്റിൽ സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) തലശ്ശേരി നിയോജക മണ്ഡലത്തിൽ എത്ര പ്രോജക്ടുകൾ 'കിഫ്ബി' മുഖാന്തരം നിർവ്വഹണത്തിന് നിർദ്ദേശിച്ചിട്ടുണ്ട് ; അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ? | സംസ്ഥാന സർക്കാരിന്റെ 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികളെയാണ് കിഫ്ബി വഴി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇത് ഒരു പ്രത്യേക നിയോജക മണ്ഡലത്തെയോ ജില്ലയെയോ മാത്രം ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികളല്ല സംസ്ഥാനത്തിന്റെ സമഗ്രമായ അടിസ്ഥാന സൗകര്യവികസനമാണ് ഈ പാക്കേജിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. പൊതുമരാമത്ത്, ജല വിഭവം, ഐ.ടി, ആരോഗ്യം, ഊർജ്ജം തുടങ്ങിയ വകുപ്പുകളുടെ വിശദമായ പദ്ധതി നിർദ്ദേശങ്ങൾ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

| ക്രമ നം. | വകുപ്പ് | പ്രവർത്തന പുരോഗതി |
|---|---|---|
| 1 | ആരോഗ്യ-കുടുംബക്ഷേമം | പദ്ധതികളുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്. |
| 2 | വനം-വന്യജീവി | പദ്ധതികളുടെ ഗുണഫലങ്ങളെക്കുറിച്ച് പഠിക്കുന്നതിനായി രൂപീകരിച്ച വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണ പുരോഗതിയുടെ മേൽനോട്ടം നിർവ്വഹിക്കുന്നതിനുള്ള സംസ്ഥാന തലത്തിലും, സർക്കിൾ തലത്തിലും പ്രോജക്റ്റ് മോണിറ്ററിംഗ് യൂനിറ്റുകളെ നിയമിച്ചിട്ടുണ്ട്. |
| 3 | ജലവിഭവം | മിക്ക പദ്ധതികൾക്കും സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്.<br>ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരികയാണ്. ഏതാനും ചില പദ്ധതികളുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്. |
| 4 | വിവര സാങ്കേതികം | ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. പദ്ധതി നിർവ്വഹണ പുരോഗതിയുടെ മേൽനോട്ടം നിർവ്വഹിക്കുന്നതിനുള്ള പ്രോജക്റ്റ് മോണിറ്ററിംഗ് യൂനിറ്റിനെ നിയമിച്ചിട്ടുണ്ട്. |
| 5 | പൊതുമരാമത്ത് | അമ്പലപ്പുഴ-തിരുവല്ല റോഡിന്റെ പണി ആരംഭിച്ചിട്ടുണ്ട്. വിവിധ റോഡുകളുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയായിട്ടുണ്ട്. ശേഷിക്കുന്ന റോഡുകളുടെ ഇൻവെസ്റ്റിഗേഷൻ നടന്നു വരികയാണ്.<br>തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയുമായി ബന്ധപ്പെട്ട പ്രാരംഭ നടപടികൾ കൈക്കൊള്ളുന്നതിനായി ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനെ ഇടക്കാല ഉപദേഷ്ടാവായി നിയമിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരികയാണ്. |
| 6 | വ്യവസായം | ഭൂമി ഏറ്റെടുക്കലിന് കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം നേടേണ്ടതായിട്ടുണ്ട്. |